കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- വസ്തു നികുതി- വിമുക്ത ഭടന്മാരുടേയും അവരുടെ വിധവകളുടേയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വീടുകളെ വീട്ടുകരം (പ്രോപ്പർട്ടി ടാക്സ്) അടക്കുന്നതിൽ നിന്നും 2004-2005 രണ്ടാം അർദ്ധ വർഷം മുതൽ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ബി) വകുപ്പ്**

സ.ഉ.(എം.എസ്) നം. 03/2005/തസ്വഭവ — തിരുവനന്തപുരം, 01-01-2005.

പരാമർശം:-
1. 01-01-2001ലെ ജി.ഒ (എം.എസ്) നം.1/2001/തസ്വഭവ.നമ്പർ ഉത്തരവ്
2. കേന്ദ്രീയ സൈനിക് ബോർഡ് സെക്രട്ടറിയുടെ 05-03-2004-ലെ 2(2)/ടാക്സ് എക്സംപ്ഷൻ/കെ.എസ്.ബി/എ നമ്പർ കത്ത്.
3. അർബൻ അഫയേഴ്സ് ഡയറക്ടറുടെ 24-05-2004-ലെ എ2.7331/04 നമ്പർ കത്ത്

<u>ഉത്തരവ്</u>

2000-ലെ സിവിൽ മിലിട്ടറി ലെയ്സൺ കോൺഫറൻസിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ യുദ്ധത്തിൽ മരിച്ച ജവാന്മാരുടെ വിധവകളേയും അംഗവൈകല്യം സംഭവിച്ച ജവാന്മാരേയും വീട്ടുകരം (പ്രോപ്പർട്ടി ടാക്സ്) നൽകുന്നതിൽ നിന്നും 2000-01 അർദ്ധ വർഷം മുതൽ പ്രാബല്യത്തിൽ, ഇളവ് അനുവദിക്കുന്ന കാലയളവു മുതൽ പത്തു വർഷത്തേക്ക്, ഒഴിവാക്കികൊണ്ട് സൂചന ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കെട്ടിട നികുതി അടക്കുന്നതിൽ നിന്നും മിക്ക സംസ്ഥാനങ്ങളും വിമുക്ത ഭടന്മാരേയും വിധവകളേയും ഒഴിവാക്കിയിട്ടുള്ള സാഹചര്യത്തിൽ കേരള സംസ്ഥാനവും ഈ ആനുകൂല്യം വിമുക്ത ഭടന്മാർക്കുകൂടി അനുവദിക്കണമെന്നു കേന്ദ്രീയ സൈനിക ബോർഡ് സെക്രട്ടറി പരാമർശം 2 കത്തു പ്രകാരം അഭ്യർത്ഥിച്ചിരുന്നു. മറ്റു സംസ്ഥാനങ്ങളിൽ ഈ ആനുകൂല്യം നൽകുമ്പോൾ കേരളത്തിൽ അത് നിഷേധിക്കുന്നത് ഉചിതമല്ലെന്നും കേന്ദ്രീയ സൈനിക ബോർഡ് സെക്രട്ടറി ചൂണ്ടിക്കാണിക്കുകയുണ്ടായി.

നഗരസഭക്ക് വീട്ടുകരം (പ്രോപ്പർട്ടി ടാക്സ്) നൽകുന്നതിൽ നിന്നും വിമുക്തഭടന്മാരേയും വിധവകളേയും ഒഴിവാക്കണമെന്ന കേന്ദ്രീയ സൈനിക ബോർഡ് സെക്രട്ടറിയുടെ അഭ്യർത്ഥന അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് പരാമർശം മൂന്നിലെ കത്തിൽ അർബൻ അഫയേഴ്സ് ഡയറക്ടറും ശുപാർശ ചെയ്യുകയുണ്ടായി. സർക്കാർ ഇക്കാര്യം പരിശോധിച്ചു. 1994-ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് 281(2) വകുപ്പ് നൽകുന്ന അധികാരം ഉപയോഗിച്ച് വിമുക്തഭടന്മാരേയും അവരുടെ വിധവകളേയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വീടുകളെ വീട്ടുകരം (പ്രോപ്പർട്ടി ടാക്സ്) അടക്കുന്നതിൽ നിന്നും 2004-2005 രണ്ടാം അർദ്ധ വർഷം മുതൽ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഒപ്പ്/-
പി.കമാൽകുട്ടി
ഗവൺമെന്റ് സെക്രട്ടറി